**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3085** **07-10-2025 - ൽ മറുപടിയ്ക്ക്**

**കോരപ്പുഴയുടെ ആഴം കൂട്ടുന്ന പ്രവൃത്തിയുടെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കോരപ്പുഴയിൽ നിന്ന് ചെളി നീക്കം ചെയ്ത് പുഴയുടെ ആഴം കൂട്ടുന്ന പ്രവൃത്തി കാര്യക്ഷമമായി പുരോഗമിക്കുന്നുണ്ടോ; ഇതിന്റെ ഭാഗമായി ഏകദേശം എത്ര ടൺ ചെളി മണൽ നീക്കം ചെയ്തിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) | കോരപ്പുഴയിൽ നിന്ന് ചെളി നീക്കം ചെയ്ത് പുഴയുടെ ആഴം കൂട്ടുന്ന പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. മേൽ പ്രവൃത്തിയിലൂടെ ഡ്രെഡ്ജ് ചെയ്യേണ്ട 1,80,000$m^3$ൽ, 25000 $m^3$ സ്പോയിൽ ഡ്രെഡ്ജ് ചെയ്ത് പുഴയിൽ നിന്ന് നീക്കം ചെയ്തിട്ടുണ്ട്. |
| (ബി) | പുഴയുടെ സ്വാഭാവികമായ ഒഴുക്ക് വീണ്ടെടുക്കാൻ ഈ പ്രവൃത്തിയിലൂടെ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കോരപ്പുഴയിൽ നിന്ന് ചെളി നീക്കം ചെയ്ത് ആഴം കൂട്ടുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതോടു കൂടി പുഴയുടെ സ്വാഭാവികമായ ഒഴുക്ക് പൂർണ്ണമായി വീണ്ടെടുക്കാൻ സാധിക്കുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി കരയിലൂടെയുള്ള ഒഴുക്ക് ശക്തിപ്പെട്ടതുമൂലം കരയിടിയുന്നത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇത്തരത്തിൽ കരയിടിഞ്ഞതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി പുഴയുടെ വലതുകര ഇടിയുന്നതായി പരാതി ലഭിച്ചിരുന്നു. ആയത് പരിഹരിക്കുന്നതിനായി 900മീ. നീളത്തിൽ കോരപ്പുഴയുടെ വലതുകര കെട്ടി സംരക്ഷിക്കുന്നതിനായി Protecting the right bank of Korappuzha at Azhikkal Kannankadavu in Ward No. 13 of Chemanchery Panchayath Koyilandy LAC in Kozhikode Dist. (IRR/IA/EST/5186/2025_5_1_1) എന്ന പ്രവൃത്തിയുടെ 237 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ